# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4964

14/11/2019- ൽ
മറുപടിയ്ക്ക്

## കൊപ്പം പഞ്ചായത്തിലെ പൊതുസ്ഥലങ്ങളുടെ കയ്യേറ്റം

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കൊപ്പം പഞ്ചായത്തിൽ കൊപ്പം ടൗണിൽ നിന്നും ഒന്നര കിലോമീറ്ററിനുള്ളിൽ പൊതുസ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾ കയ്യേറിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | കൊപ്പം പഞ്ചായത്തിൽ ടൗണിൽ നിന്നും 1.5 കി.മീറ്ററിനുള്ളിൽ മൃഗാശുപത്രിക്ക് സമീപവും, കരിങ്ങനാടിനും സമീപവും കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഇത്തരം നിയമലംഘന നടപടികൾ കണ്ടെത്തുവാനായി ഒരു സർവ്വേ നടത്തി സർക്കാരിന്റെ സ്ഥലങ്ങൾ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | ബി) | മേൽ പറഞ്ഞ സ്ഥലങ്ങളിൽ സർവ്വെയർ പരിശോധിച്ച് കയ്യേറ്റം കണ്ടെത്തി സ്കെച്ച് സഹിതം പൊതുമരാമത്ത് വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ട് |
| (സി) പ്രസ്തുത പഞ്ചായത്തിൽ വിവിധ വകുപ്പുകളുടെ എത്ര ഭൂമി ഉപയോഗ ശൂന്യമായി കിടക്കുന്നുണ്ട്; വിശദമാക്കുമോ? | സി) | ഉപയോഗശൂന്യമായ ഭൂമി ഇല്ല. |

സെക്ഷൻ ഓഫീസർ